## ഇ എം സി സന്ദേശഗീതം പ്രകാശനം ചെയ്തു

ഊർജ്ജസംരക്ഷണം എന്ന ആശയ പ്രചാരണത്തിനായി ഇ എം സി തയ്യാറാക്കിയ സന്ദേശഗീതം പ്രകാശനം ചെയ്തു. ശ്രീ രാജീവ് ആലുങ്കൽ എഴുതിയ ഗാനം ചലച്ചിത്ര സംവിധായകനായ ശ്രീ. രാജസേനൻ വീഡിയോ ചിത്രീകരണം നടത്തുകയും പ്രശസ്ത ഗായകരായ ശ്രീമതി കെ എസ് ചിത്ര, ശ്രീ എം ജി ശ്രീകുമാർ, ശ്രീ മധു ബാലകൃഷ്ണൻ, ശ്രീമതി മൃദുല വാരിയർ എന്നിവർ ആലപിക്കുകയും ചെയ്തു. ശ്രീ വി കെ പ്രശാന്ത്, എം എൽ എ സന്ദേശഗീതം പ്രകാശനം ചെയ്തു. ചടങ്ങിൽ ചലച്ചിത്ര അക്കാദമി വൈസ് ചെയർമാൻ ശ്രീ പ്രേംകുമാർ മുഖ്യാതിഥിയായി . ശ്രീ രാജീവ് ആലുങ്കൽ, ശ്രീ രാജസേനൻ, ഇ എം സി ഡയറക്ടർ ഡോ. ആർ ഹരികുമാർ, ശ്രീ അനൂപ് സുരേന്ദ്രൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഇ എം സി. പി ആർ ഒ ശ്രീമതി ബീന ടി എ നന്ദി അറിയിച്ചു.